പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം : 637 30.07.2015 ൽ മറുപടിയ്ക്ക്

## ജല വൈദ്യുത പദ്ധതികളുടെ സമീപം സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>,, വി.ശശി<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.കെ.വിജയൻ : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ജല വൈദ്യുത പദ്ധതികളുടെ കനാലുകൾക്ക് മുകളിലും വശങ്ങളിലുമായി സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇപ്രകാരം എത്ര മെഗാ വാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരാപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് കനാലിനു മുകളിൽ 2 മെഗാവാട്ടും കനാൽ തീരത്ത് 1 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത 2 പദ്ധതികളിലുമായി മൊത്തം 3 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) മൊത്തം എത്ര രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയത് ; കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്നും പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന സഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ബി) മേൽ പദ്ധതികൾക്കായി 34.95 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും 7.5 കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ